പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2662 21.06.2012- ൽ മറുപടിക്ക്**

**വെള്ളപ്പൊക്ക - വരൾച്ചാ ദുരിതാശ്വാസ ഫണ്ട്**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. മുല്ലക്കര രത്നാകരൻ | | ശ്രീ. അടൂർ പ്രകാശ് (ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം കേന്ദ്ര സർക്കാരിൽ നിന്നും എത്ര കോടി രൂപ വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടായും വരൾച്ചാ ദുരിതാശ്വാസ ഫണ്ടായും ലഭ്യമായി ട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (എ) | 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് ആണ് വെള്ളപ്പൊക്ക - വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് വിനിയോഗിക്കുന്നത്. 75% കേന്ദ്രസഹായവും 25% സംസ്ഥാന വിഹിതവും ഉൾപ്പെടുത്തിയാണ് ഈ നിധി രൂപീകരിച്ചിരിക്കുന്നത്. 2011-12 സാമ്പത്തിക വർഷത്തിൽ 103.22 കോടി രൂപ കേന്ദ്ര വിഹിതവും 34.41 കോടി രൂപ സംസ്ഥാന വിഹിതവും ഉൾപ്പെടെ 137.63 കോടി രൂപയാണ് ഈ നിധിയിൽ ഉണ്ടായിരുന്നത്. ഇതു കൂടാതെ 2011-12 വർഷത്തെ കാലവർഷക്കെടുതി കൾക്കുള്ള അധിക കേന്ദ്ര ധനസഹായമായി 109.69 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ